15

# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4561.

26.10.2016 ലെ മറുപടിയ്ക്ക്.

## പ്രീ - മെട്രിക് ഹോസ്റ്റലുകൾ

**ചോദ്യം**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ഉത്തരം**

**ശ്രീ. എ. കെ. ബാലൻ**

പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സ്വന്തമായി കെട്ടിടങ്ങളില്ലാത്ത എത്ര പ്രീ - മെട്രിക് ഹോസ്റ്റലുകൾ പട്ടിക ജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്: | (എ) | സ്വന്തമായി കെട്ടിടമില്ലാത്ത 9 പ്രീ മെട്രിക് ഹോസ്റ്റലുകൾ ഉണ്ട്, |
| (ബി) | വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ - മെട്രിക് ഹോസ്റ്റലുകളിൽ പലതും ശോച്യാവസ്ഥയിലുള്ളതും ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നതിന് അനുയോജ്യമല്ലാത്തവയുമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രീ-മെട്രിക് ഹോസ്റ്റലുകൾ തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങൾ ആകയാൽ അറ്റകുറ്റപണികൾ അതത് സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ്. |
| (സി) | വകുപ്പിനു കീഴിലുള്ള പല പ്രീ - മെട്രിക് ഹോസ്റ്റലുകളിലും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇത്തരം ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുന്നതിനും സ്വന്തമായി കെട്ടിടമില്ലാത്ത ഹോസ്റ്റലുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഹോസ്റ്റൽ നവീകരണത്തിനുമായി യഥാസമയം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സ്ഥലം കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രീ മെട്രിക് ഹോസ്റ്റലുകൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനമായതിനാൽ (ബ്ലോക്ക് പഞ്ചായത്ത്, കോർപ്പറേഷൻ, നഗരസഭ) അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും പ്രോജക്റ്റ് വച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**